**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2634** **27-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലാ ബാങ്ക് കൂടി കേരള ബാങ്കിൽ ലയിച്ചതോടെ സംസ്ഥാനത്ത് സ്വന്തം ബാങ്കെന്ന ലക്ഷ്യം പൂർത്തീകരിക്കാനായിട്ടുണ്ടോ; കേരള ബാങ്കിന്റെ മൂന്ന് വർഷത്തെ പ്രവർത്തന നേട്ടം വിലയിരുത്തിയിട്ടുണ്ടോ; ബാങ്ക് രൂപീകരണ സമയത്ത് ഉണ്ടായിരുന്ന അറ്റ നഷ്ടവും നിഷ്ക്രിയ ആസ്തിയും എത്രയായിരുന്നുവെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | (എ) | **മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കൂടി കേരള ബാങ്കിൽ ലയിച്ചതോടെ കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പ മേഖല പൂർണ്ണമായും ദ്വിതല സംവിധാനത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടു. ഇതോടെ സംസ്ഥാനത്താകെ 823 ശാഖകളുള്ള രണ്ടാമത്തെ ബാങ്കായി മാറുന്നതിന് കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.**<br><br>**സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NASCOB) ഏർപ്പെടുത്തിയ അവാർഡിൽ ദേശീയതല ത്തിൽ പ്രഥമ സ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവസമാഹരണവും വികസനവും ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരത രംഗത്തുണ്ടായ മുന്നേറ്റം, മാർഗ്ഗ നിർദ്ദേശ പാലന രീതി, മികച്ച ലാഭ നേട്ടം തുടങ്ങി വിവിധ മേഖലയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് അവാർഡ് ലഭിച്ചത്.**<br><br>**കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും അനുയോജ്യമായ വിധത്തിൽ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**കേരള ബാങ്ക് രൂപീകരണത്തിനു ശേഷം ബാങ്കിന്റെ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. Concessional refinance** |

മൂന്ന് മടങ്ങായി വർദ്ധിച്ചു. 2018-19 -ൽ 2842.25 കോടി രൂപയായിരുന്നത് 2021-22 ൽ 8982.20 കോടി രൂപയായി വർദ്ധിച്ചു. വ്യക്തികൾക്കും സംഘങ്ങൾക്കും നൽകുന്ന വായ്പയുടെ പലിശയിൽ 1% മുതൽ 4% വരെ കുറവ് വരുത്തുവാൻ കഴിഞ്ഞു. മറ്റ് എല്ലാ സംസ്ഥാനങ്ങളിലും KCC വായ്പ 7% ന് നൽകുമ്പോൾ കേരളത്തിൽ അത് 6% ന് നൽകുവാൻ സാധിച്ചു. എല്ലാവിധ ജനവിഭാഗങ്ങൾക്കും സംഘങ്ങൾമായി 45 ഓളം വായ്പാ പദ്ധതികൾ നടപ്പിലാക്കി.

31-03-2020-ൽ ആകെ നിക്ഷേപം 61037.59 കോടി രൂപ ആയിരുന്നത് 31-03-2022 -ൽ 69907.12 കോടി രൂപയായി വർദ്ധിച്ചു. ബാങ്കിന്റെ ആകെ വായ്പ 31-03-2020-ൽ 40156.82 കോടി രൂപ ആയിരുന്നത് 31-03-2022-ൽ 40950.04 കോടി രൂപയായി വർദ്ധിച്ചു. ഓഹരി മൂലധനം 1652.09 കോടി രൂപയിൽ നിന്നും 2042.08 കോടി രൂപയായി വർദ്ധിച്ചു. മൂലധന പര്യാപ്തത 31-03-2020-ലെ 6.77% ൽ നിന്നും 31-03-2022-ൽ 10.01% ആയി വർദ്ധിച്ചു.

എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളും സഹകരണ മേഖലയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്കിന്റെ ഏകീകൃത CBS നായി ഇൻഫോസിസ് കമ്പനിയുടെ ലോകത്തിലെ തന്നെ ഏറ്റവും മികച്ച CBS ൽ ഒന്നായ Finacle 10X നടപ്പിലാക്കുന്നതിന് M/s Wipro യെ ചുമതലപ്പെടുത്തുകയുണ്ടായി. സംസ്ഥാന സഹകരണ ബാങ്കിന്റേയും മുൻ ജില്ലാ സഹകരണ ബാങ്കുകളുടേയും ഡേറ്റാ പൂർണ്ണമായും 26-12-2022 തീയതിയിൽ ഏകീകൃത CBS-ൽ മാറുകയുണ്ടായി. നിലവിൽ കേരള ബാങ്കിന്റെ എല്ലാ ശാഖകളും ഏകീകൃത CBS-ൽ ആണ് പ്രവർത്തിക്കുന്നത്. CBS Interface മുഖേനയുള്ള അനുബന്ധ IT പ്രവർത്തനങ്ങൾ ഏതാനും മാസത്തിനകം പൂർണ്ണമായും സജ്ജമാകും. ഇതോടുകൂടി ബാങ്കിംഗ് മേഖലയിലെ എല്ലാ ആധുനിക സേവനങ്ങളും സഹകരണ മേഖലയിലെ ഇടപാടുകാർക്ക് ലഭ്യമാകും. ടി സേവനങ്ങൾക്ക് ആവശ്യമായ വിവിധ റഗുലേറ്ററി അനുമതികൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കേരള ബാങ്ക് രൂപീകരണ സമയത്ത് ബാങ്കിന്റെ സഞ്ചിത നഷ്ടം 1085.53 കോടി രൂപയായിരുന്നത് 31-03-2022-ൽ 637.03 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ബാങ്കിന്റെ നിഷ്ക്രിയ ആസ്തി

| | | | |
|---|---|---|---|
| | | | **8833.53 കോടിയായിരുന്നത് 31-03-2022-ൽ 5466.60 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.** |
| (ബി) | ഏഷ്യയിലെ സഹകരണ സംഘങ്ങളിൽ ഒന്നാം സ്ഥാനവും ധനകാര്യ സേവന മേഖലയിൽ ലോകത്ത് ഏഴാം സ്ഥാനവും കരസ്ഥമാക്കാൻ കേരളബാങ്കിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | **അന്തർദേശീയ സഹകരണ സഖ്യവും (ICA), European Research Institute on Co-operative and Social enterprises (EURICSE) തയ്യാറാക്കിയ World Co-operative Monitor റിപ്പോർട്ട് പ്രകാരം സഹകരണ മേഖലയിലെ ധനകാര്യ സേവന മേഖലയിൽ ലോകത്ത് 7–ാം സ്ഥാനവും ഏഷ്യയിൽ 1–ാം സ്ഥാനവും കരസ്ഥമാക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.** |
| (സി) | കാർഷിക മേഖലയ്ക്കും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിനും കേരള ബാങ്ക് നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ? | (സി) | **കാർഷിക മേഖലയ്ക്കും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിനും കേരള ബാങ്ക് നടത്തിയ ഇടപെടലുകൾ ചുവടെ ചേർക്കുന്നു.**<br><br>**കാർഷികാവശ്യങ്ങൾക്കായി കേരള ബാങ്ക് മുഖേന കെ.ബി.കിസ്സാൻ മിത്ര വായ്പാ പദ്ധതിയും, കെ.ബി.കിസ്സാൻ മിത്ര (above 3 lakhs) വായ്പാ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**VFPCK യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട കർഷകർക്ക് 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി KB കിസാൻ മിത്ര (VFPCK) പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**നബാർഡ് പിന്തുണയ്ക്കുന്ന വാട്ടർഷെഡ് വാഡി പ്രോജക്ട് മേഖലയിലെ സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾക്കും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക വരുമാനം കൂട്ടുന്നതിനുമായി KB വാഡി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**സമൂഹത്തിലെ കർഷകരുടെ ഉന്നമനം, കാർഷികാഭിവൃദ്ധി, മൂല്യവർദ്ധിത ഉൽപ്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് കാർഷിക ഉൽപ്പാദന സംഘടനകൾക്ക് (FPO) നൽകുന്നതിനായി KB-FPO എന്ന പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.**<br><br>**സ്വർണ്ണപ്പണയത്തിന്മേൽ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ പരിധിയിൽ വരുന്ന കർഷകർക്ക് പരമാവധി 3.00 ലക്ഷം രൂപ വരെയും ഓവർഡ്രാഫ്റ്റ് രീതിയിൽ അനുവദിക്കുന്ന ഹ്രസ്വകാല വായ്പകളും ബാങ്കിൽ അനുവദിച്ചു വരുന്നു. കാർഷിക/ കാർഷിക അനുബന്ധ മേഖലയിലെ ഇടത്തരം/ ദീർഘകാല വായ്പാ ആവശ്യ ങ്ങൾക്ക് നബാർഡ്** |

| | | | |
|---|---|---|---|
| | | | **ധനസഹായത്തോടെ KB ദീർഘകാല കാർഷിക വായ്പയും അനുവദിക്കുന്നുണ്ട്.**<br><br>**കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിക്കുന്ന വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) മുഖേന 3% പലിശ ഇളവ് ലഭിക്കുന്നു.** |

സെക്ഷൻ ഓഫീസർ